(സി) മേൽ റോഡിന്റെ ഉപരിതലം വർഷങ്ങളായി പൂർണ്ണതോതിൽ പുതുക്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത റോഡുഗതാഗതം സുഗമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

ഉത്തരം

(എ) കെ.എസ്.ടി.പി-യുടെ രണ്ടാംഘട്ട പാക്കേജിൽ താഴെപ്പറയുന്ന റോഡുകളും എം.സി. റോഡിന്റെ ഭാഗമായ ചെങ്ങന്നൂർ-ഏറ്റുമാനൂർ, ഏറ്റുമാനൂർ-മൂവാറ്റുപുഴ എന്നീ റീച്ചുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്
2. പിലാത്തറ-പാപ്പിനിശ്ശേരി റോഡ്
3. തളിപ്പറമ്പ്-ഇരിട്ടി റോഡ്
4. തലശ്ശേരി-വളവുപാറ റോഡ്
5. പുനലൂർ-മൂവാറ്റുപുഴ റോഡ്
6. പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡ്

(ബി) പ്രസ്തുത റോഡ് കെ.എസ്.ടി.പി. ഇതുവരെ ഏറ്റെടുത്തിട്ടില്ല.

(സി) ഉണ്ട്

(ഡി) പ്രസ്തുത റോഡ് കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗതാഗത യോഗ്യമാക്കാനാവശ്യമായ വിധത്തിലുള്ള താല്ക്കാലിക അറ്റകുറ്റപ്പണികൾ പുരോഗതിയിലാണ്.

കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

218 (815) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ടി.- പി. യുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ;

(ബി) കെ. എസ്. ടി. പി. ധനസഹായം നൽകുന്നതിനായി ഏതെങ്കിലും ഏജൻസിയെ സമീപിച്ചിട്ടുണ്ടോ ;

(സി) ലോക ബാങ്ക് സഹായത്തിനായി കേരളം കേന്ദ്രത്തിന് ശുപാർശ ചെയ്ത പട്ടികയിൽ കെ. എസ്. ടി. പി. പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ടി.പി. യുടെ രണ്ടാംഘട്ടത്തിന് ധനസഹായം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമായ ശേഷമേ രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

എം.സി. റോഡ് നവീകരണ ജോലികൾ

219 (816) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡിൽ ശേഷിക്കുന്ന ഭാഗത്തെ നവീകരണ ജോലികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ജോലികൾ കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ലോക ബാങ്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

നാലാഞ്ചിറ റോഡ് വികസനം

220 (817) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനനഗരിയിലെ നലാഞ്ചിറ റോഡ് വികസനത്തിന് എത്ര കോടി രൂപയുടെ പദ്ധതിക്കാണ് രൂപകല്പന നടത്തിയിരുന്നത് ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഇവിടത്തെ വികസനം പൂർത്തിയാകുമ്പോൾ എന്തു തുക ചെലവിടേണ്ടിവരും ;

(സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയും ?

LIBRARY ARCHIVES Kerala Legislative Assembly